# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *65 02.12.2015 ലെ മറുപടിക്ക്

## സ്വയം പര്യാപ്തഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി സങ്കേതങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം . അതിന്റെ ഭാഗമായി പ്രസ്തുത കോളനികളിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.<br>1. ഇന്റേണൽ റോഡ്/ ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ<br>11. സ്ഥലം വികസിപ്പിക്കൽ/ സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാന ദായക പദ്ധതി/ മൃഗസംരക്ഷണം/ ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ.<br>(വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)<br>15. കോളനിയിലേക്കാവശ്യമായിട്ടുള്ള മറ്റു വികസനപ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 2012-13 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം പ്രസ്തുത വർഷത്തിൽ തെരഞ്ഞെടുത്ത 113 ഉം 2013-14 വർഷം തെരഞ്ഞെടുത്ത 102 കോളനികളുമടക്കം ആകെ 215 കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതിയിൻ കീഴിൽ പുതുതായി കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ കോളനിയിലും പരമാവധി 1 കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിട്ടുള്ളത് .പദ്ധതികൾ നടപ്പിലാക്കുന്നതിനായി അക്രഡിററഡ് ഏജൻസികളുടെ പട്ടികയിൽ നിന്നും എം.എൽ.എ/എം.പി തിരഞ്ഞെടുക്കുന്ന ഏജൻസിയെ ഏൽപ്പിക്കുന്നു. ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ/എം.പി(ചെയർമാൻ) വാർഡ് മെമ്പർ, എസ്.സി പ്രമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും ഒരു പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റി , അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ